ശ്രീ. പി. കെ. വാസുദേവൻ നായർ: ആരും സാങ്കേതിക വിദഗ്ദ്ധരല്ല, ഞാൻ മനസ്സിലാക്കുന്നത് യൂക്കാലിപ്റ്റസ് മരം വെട്ടിയാൽ അവിടെ വീണ്ടും മുള പൊട്ടി വരുമെന്നാണ്. അങ്ങനെ രണ്ടു മൂന്നു പ്രാവശ്യം മുറിക്കുന്നിടത്തു വീണ്ടും മരം വളർന്നു വരും.

ശ്രീ. പി. സീതി ഹാജി: വെസ്റ്റഡ് ഫോറസ്റ്റിൽ നിക്ഷിപ്തമായിട്ടുള്ള വനങ്ങളിൽ യൂക്കാലിപ്റ്റസ് വച്ചുപിടിപ്പിച്ച് വളർത്തിയാൽ കോട്ടാസ്സിസ്റ്റ്പ്രകാരം കൊടുക്കാൻ കഴിയുകയില്ലേ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അവിടെ വച്ചു പിടിപ്പിച്ചിട്ടുള്ള യൂക്കാലിപ്റ്റസും ഫലപ്രദമായി വ്യാവസായികാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്ന കാര്യത്തെ പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ.സി. വാമദേവൻ: വെള്ളൂർ ന്യൂസ് പ്രിൻറ് ഫാക്റ്ററിക്ക് ഒരു ദിവസത്തേയ്ക്ക് എത്ര ടൺ യൂക്കാലിപ്റ്റസ് വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്?

ശ്രീ. പി. കെ. വാസുദേവൻ നായർ: അതേക്കുറിച്ചുള്ള വിവരം ഇപ്പോൾ എന്റെ കയ്യിൽ ഇല്ല.

## ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റ്സിൽ സ്പെഷ്യൽ റിക്രൂട്ട്മെൻറ് വഴിയുള്ള നിയമനം

*349 [368] ശ്രീ. എ. വി. താമരാക്ഷൻ:

,, കല്ലട നാരായണൻ:

,, ത്യാഗരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റ്സിൽ സ്പെഷ്യൽ റിക്രൂട്ട്മെൻറ് അനുസരിച്ച് പട്ടികജാതി–പട്ടികവർഗ്ഗക്കാരെ നിയമിക്കുവാൻ ഉത്തരവ് നൽകിയത് എന്നാണ്;

(ബി) അതനുസരിച്ച് ഓരോ കാറ്റഗറിയിലും എത്ര പേരെ വീതം നിയമിച്ചു;

(സി) നിയമിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ;

(ഡി) പോസ്റ്റുകളില്ലെങ്കിൽ സൂപ്പർ ന്യൂമറിയായി പട്ടികജാതി–പട്ടികവർഗ്ഗക്കാരെ നിയമിക്കുവാൻ ഗവൺമെൻറ് ഉത്തരവ് നൽകിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഓരോ കാറ്റഗറിയിലും എത്ര പേരെ വീതം നിയമിച്ചു?

മുഖ്യമന്ത്രി (ശ്രീ പി. കെ. വാസുദേവൻ നായർ):

(എ) 1975 ഒക്ടോബർ മാസത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഗവൺമെന്റ് ഉത്തരവനുസരിച്ച് കമ്പനി നിയമനം നടത്തിയതായി കാണുന്നു.

(ഡി) ഉണ്ട്.

(ഇ) അനുബന്ധത്തിൽ ഇതും ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. എ. വി. താമരാക്ഷൻ: അനുബന്ധമായി കിട്ടിയ ഉത്തരത്തിൽ ഏതാണ്ട് 35 കാറ്റഗറിയിലായി 288 നിയമനങ്ങൾ നടന്നതിൽ 32 ഷെഡ്യൂൾഡ് കാസ്റ്റിന്റെയും ഒരു ഷെഡ്യൂൾഡ് ട്രൈബിന്റേയും നിയമനം നടന്നതായി പറയുന്നുണ്ട്. ഇത് സ്വാഗതാർഹമാണ്. എന്നാൽ ഉയർന്ന കാറ്റഗറിയിൽ ഉദാഹരണത്തിന് ടൈപ്പിസ്റ്റ്, സൂപ്പർവൈസർ, സ്റ്റേറോഴ്സ് അസിസ്റ്റന്റ് തുടങ്ങിയ ഉയർന്ന തസ്തികകളിൽ അവർക്ക് അർഹമായ പ്രാതിനിധ്യം കൊടുക്കാതെ ക്യാൻറീൻ ബോയ്, കുക്ക്, ഡോബി തുടങ്ങിയ കാറ്റഗറിയിൽ ആവശ്യത്തിൽ കൂടുതൽ കൊടുത്തിട്ട് കോട്ട നിശ്ചയിച്ചിരിക്കുകയാണ്. ഈ അപാകത പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കല്ലട നാരായണൻ: ചരിത്ര പ്രസിദ്ധമായ സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഓർഡർ പുറപ്പെടുവിച്ചത് 1970-ലാണ്. 1970-ൽ ഉത്തരവുണ്ടായെങ്കിലും ഒരു പൊതു മേഖലാ സ്ഥാപനമായ ടൈറ്റാനിയത്തിന് 1975-ലാണ് ഉത്തരവു നൽകിയത്. ഇത്രയും കാലതാമസം ഉണ്ടായതിനു കാരണമെന്താണ്?

ശ്രീ. പി. കെ. വാസുദേവൻ നായർ: എനിക്കിപ്പോൾ അതിനുള്ള ഉത്തരം നൽകാൻ പ്രയാസമാണ്.

ശ്രീ. കല്ലട നാരായണൻ: അനുബന്ധമായി ചേർത്തിട്ടുള്ള ഈ ലിസ്റ്റിൽ 28-ാമത്തെ ഐറ്റത്തിൽ ആകെ 13 ഉദ്യോഗങ്ങളുണ്ട്. ഷെഡ്യൂളിൽ എട്ട് എന്നും പറയുന്നുണ്ട്. രണ്ടും രണ്ടും എട്ടാണോ?

(ഉത്തരം പറഞ്ഞില്ല)

ശ്രീ. ആർ. എസ്. ഉണ്ണി: കമ്പനി മാനേജ്മെന്റിൽനിന്നും സ്ഥലത്തുള്ള പല ആളുകൾക്കും നിങ്ങളെ ജോലിക്കു തിരഞ്ഞെടുത്തിട്ടുണ്ടെന്നും ഒഴിവുള്ളപ്പോൾ അറിയിക്കുന്നതാണെന്നും മെമ്മോ കൊടുത്തതിനുശേഷം മാസങ്ങൾ കഴിഞ്ഞിട്ടും അവരെ നിയമിക്കാതിരിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? ഇങ്ങനെ നിയമിക്കാതിരിക്കുന്നതിനു കാരണമെന്താണ്?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഞങ്ങൾ ആ കാര്യങ്ങളെ സംബന്ധിച്ച് അന്വേഷിക്കാം.

ശ്രീ. പി. പി. വി. മൂസ്സ: ടൈറ്റാനിയം പ്രോഡക്റ്റ്സിൽ മുസ്ലീങ്ങൾക്ക് അർഹികുന്ന പ്രാതിനിധ്യം ലഭിച്ചിട്ടില്ലെന്നും അതു ലഭിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് വല്ല നിവേദനവും ബഹുമാനപ്പെട്ട മന്ത്രിക്ക് കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർക്ക് പ്രാതിനിധ്യം കിട്ടുന്നതിന് നടപടികൾ സ്വീകരിക്കുമോ?

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ പി. കെ. വാസുദേവൻ നായർ: പൊതുവേ പൊതു മേഖലാ സ്ഥാപനങ്ങളിൽ പിന്നോക്ക സമുദായക്കാർക്കും പട്ടികജാതി-പട്ടിക വർഗ്ഗക്കാർക്കും അർഹമായ പ്രാതിനിധ്യം കിട്ടിയിട്ടില്ലെന്ന് ധാരാളം പരാതികൾ ഗവൺമെൻറിനു ലഭിച്ചിട്ടുണ്ട്. അതിൻെറ അടിസ്ഥാനത്തിൽ ആ കുറവുകൾ നികത്തണമെന്ന് ഗവൺമെൻറ് ഈ സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: പൊതുമേഖലാ സ്ഥാപനങ്ങളിൽ സാങ്കേതിക പരിജ്ഞാനമുള്ള തസ്തികകളിൽ നിയമനം നടത്തുമ്പോൾ സ്വാഭാവികമായി പട്ടികജാതി-പട്ടികവർഗ്ഗക്കാർ ഇല്ലാതെ വരുന്ന സ്ഥിതി പരിഗണിച്ച് അവിടെയുള്ള മൊത്തം നിയമനങ്ങളിൽ നിന്ന് താഴെയുള്ള കാറ്റഗറിയിലേക്ക് അത്രയും തസ്തികകൾ കോമ്പൻസേറ്റു ചെയ്തു കൊടുക്കാൻ ഇന്നു വ്യവസ്ഥയില്ല. അങ്ങനെ ഒരു വ്യവസ്ഥ ഏർപ്പെടുത്തുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഉയർന്ന തസ്തികയിൽ കിട്ടിയില്ലെങ്കിൽ താഴെയുള്ള തസ്തികകളിലേക്ക് കോമ്പൻസേറ്റു ചെയ്താൽ മതിയോ എന്ന പ്രശ്നം തന്നെ പരിഗണിക്കേണ്ടതുണ്ട്. അതുകൊണ്ട് എനിക്കിപ്പോൾ അതേപ്പറ്റി വ്യക്തമായി ഉത്തരം പറയാൻ സാദ്ധ്യമല്ല.

ശ്രീ. ഇ. അഹമ്മദ്: പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ പിന്നോക്ക സമുദായക്കാർക്ക് സാമുദായിക സംവരണം നൽകണമെന്ന് ഗവൺമെൻറ് നിർദ്ദേശിച്ചിട്ടും പല പൊതുമേഖലാ സ്ഥാപനങ്ങളും ടൈറ്റാനിയം പ്രോഡക്റ്റ്സ് ഉൾപ്പെടെ അതു പാലിച്ചിട്ടില്ലെന്നുള്ളതു കൊണ്ട് അവരുടെ പേരിൽ തക്കതായ നടപടികളെടുക്കാൻ തയ്യാറാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഈ കാര്യങ്ങൾ നിരന്തരമായി പരിശോധിച്ചുകൊണ്ടിരിക്കുന്നുണ്ട്. ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. കുറവുകൾ വളരെ വേഗം പരിഹരിക്കാൻ കഴിയുമെന്നാണ് ഗവൺമെൻറിൻെറ വിശ്വാസം.

ശ്രീ. ആർ. എസ്. ഉണ്ണി: ടൈറ്റാനിയം പ്രോഡക്റ്റ്സിലെ നിയമനങ്ങളിൽ പ്രാദേശിക സംവരണ തത്വം വല്ലതും വച്ചിട്ടുണ്ടോ? അങ്ങനെ എന്തെങ്കിലും വച്ചിട്ടുണ്ടെങ്കിൽ അതു പാലിക്കാതിരുന്നിട്ടുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ടൈറ്റാനിയം ഫാക്റ്ററിയിൽ നിന്ന് മലിനജലം കടലിലേക്ക് ഒലിച്ചു പോകുന്നതു കൊണ്ട് ജോലി നഷ്ടപ്പെട്ട മൽസ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് പ്രത്യേകമായി അവിടെ റിസർവ്വേഷനുണ്ട്. അതു പ്രകാരം നമ്മൾ വച്ചിട്ടുള്ളതിൽ കൂടുതൽ റിസർവ്വേഷൻ അവർക്കു കിട്ടിയിട്ടുണ്ട്.

ശ്രീ. കെ. സുകുമാരനുണ്ണി: ടൈറ്റാനിയം ഫാക്റ്ററിയിൽ പത്തു ശതമാനത്തോളം ഉദ്യോഗങ്ങൾ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കു കൊടുത്തു എന്നു പറഞ്ഞു. ക്ലാസ് I, ക്ലാസ് II ആഫീസർമാരുടെ കേഡറിൽ വേണ്ടത്ര ആളുകളെ കിട്ടാത്തതു കൊണ്ടാണോ കൊടുക്കാതിരിക്കുന്നത്. അതോ മറ്റു വല്ല കാരണങ്ങളും കൊണ്ടാണോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: കിട്ടാത്തതുകൊണ്ടാണെന്നാണ് എൻെറ അറിവ്. പരിശോധിച്ച് പിന്നീട് അറിയിക്കാം.

LIBRARY ARCHIVES Kerala Legislative Assembly